പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1825</u> <u>04.10.2011-ൽ മറുപടിക്ക്</u>

## ഇ-വേസ്റ്റ് നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

എ) പഞ്ചായത്തുകളുടെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

എ) കേന്ദ്ര സർക്കാരിന്റെ 2000-ാമാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഖരമാലിന്യം ശാസ്ത്രീയമായ രീതിയിൽ സംസ്കരണം ചെയ്യേണ്ടുന്ന പ്രക്രിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന ഖരമാന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള ഖരമാലിന്യ സംഭരണം.
2. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ ശരിയായി കൈകാര്യം ചെയ്യാനുള്ള സംവിധാനം.
3. നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ പൊതുമാലിന്യ സംസ്കരണ പ്ലാന്റ്.
4. ശരിയായ ബോധവൽക്കരണം.

ഇപ്രകാരം നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികളിൽ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിന് വീടുകൾ, കടകൾ തുടങ്ങി പ്രധാന മാലിന്യ ഉൽപാദകരായ എല്ലാവർക്കും ആവശ്യമായ സംഭരണികളിൽ മാലിന്യം ഉണ്ടാകുന്ന സ്ഥലത്തു

തന്നെ വേർതിരിച്ചു ശേഖരിക്കുന്നതിന് പ്രേരണ നൽകി വരുന്നു. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിൻഡ്രോ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് തുടങ്ങിയ നിയമം അനുശാസിക്കുന്ന രീതിയിലുള്ള മാലിന്യ സംസ്കരണം രീതികൾ പൊതുമാലിന്യ സംസ്കരണ സംവിധാനപദ്ധതിയിൽ ഉൾക്കൊള്ളിച്ചാണ് പദ്ധതി തയ്യാറാക്കി വരുന്നത്. മാലിന്യപ്രശ്നം രൂക്ഷമായ മാർക്കറ്റുകളിലും, അറവ്ശാലകളിലും, മറ്റുമുള്ള മാലിന്യങ്ങൾ അതാതു സ്ഥലങ്ങളിൽ തന്നെ സംസ്കരണ സംവിധാനം സ്ഥാപിച്ച് ബയോഗ്യാസാക്കി മാറ്റുന്ന പദ്ധതി കളും ശുചിത്വമിഷൻ വഴി നടപ്പാക്കുന്ന സമ്പൂർണ്ണ ഖരമാലിന്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് വേണ്ട സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. ഇതിനു പുറമെ വീടുകളിലും ചെറു സ്ഥാപനങ്ങളും കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു വാർഡിനെയെങ്കിലും മാലിന്യമുക്തമാക്കുന്നതിനുള്ള വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പദ്ധതികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

ബി) ഇതിന് പഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

ബി) പഞ്ചായത്തുകളിൽ ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന സാങ്കേതിക- സാമ്പത്തിക സഹായങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

1. ജില്ലാ തലത്തിൽ സാങ്കേതിക സമിതികൾ.
2. ഖരദ്രവമാലിന്യ പരിപാലനം സംബന്ധിച്ച മാന്വൽ.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഈ മേഖലയിൽ പ്രാഗൽഭ്യം തെളിയിച്ച സർവീസ് പ്രൊവൈഡർമാരെ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യൽ.

| | | | |
|---|---|---|---|
| | | | 4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ പരിപാലനത്തിനായി സമർപ്പിക്കുന്ന സംയോജിത പദ്ധതിയുടെ 60% തുകയോ അല്ലെങ്കിൽ പരമാവധി 7.50 ലക്ഷം രൂപയോ സാമ്പത്തിക സഹായമായി നൽകൽ.<br>5. പ്രശ്നബാധിത സ്ഥാപന ങ്ങളിലേക്കായി പദ്ധതി സമർപ്പിക്കുന്ന പഞ്ചായത്തു കൾക്ക് പദ്ധതിയുടെ 75% അല്ലെങ്കിൽ 4 ലക്ഷം രൂപയോ സബ്സിഡിയായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ. |
| സി) | ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രത്യേക നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ? | സി) | ഇ-മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക ചട്ടങ്ങൾ കേന്ദ്രപരിസ്ഥിതി വനം മന്ത്രാലയം 2010-മെയ് 14-ാം തീയതി വിജ്ഞാപനം ചെയ്ത പ്രകാരം (ഇ-വേസ്ററ് പരിപാലന കൈകാര്യ) ചട്ടത്തിന്റെ അന്തിമ കരട് നിലവിലുണ്ട്. ഇതിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന കമ്പനികൾ തന്നെ അവ ഉപയോഗശൂന്യമാകുമ്പോൾ ഉപഭോ ക്താക്കളിൽ നിന്നും തിരികെ എടുക്ക ണമെന്ന് അനുശാസിക്കുന്നുണ്ട്. അതിനായി ഉൽപാദകരിൽ എക്സ്റ്റന്റ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി..ആർ) എന്ന ഉത്തരവാദിത്വം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പാഴ് ഇലക്ട്രോണിക് വസ്തുക്കൾ സംഭരിക്കാനും അവ സുരക്ഷിതമായി പുനഃചംക്രമണം നടത്തുന്നതിനുമുള്ള ചുമതല ഉള്ളത് ഉൽപാദകർക്കാണ്. ഇക്കാര്യങ്ങൾ നടപ്പിൽ വരുന്നു എന്ന് ഉറപ്പാക്കാനും നിരീക്ഷിക്കാനുമുള്ള ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനുണ്ട്. |

സെക്ഷൻ ഓഫീസർ